പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 272** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>സപ്ലൈകോയുടെ പ്രവർത്തനങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. ജി. ആർ. അനിൽ

ശ്രീ. കെ. രാജൻ

ശ്രീ. മുഹമ്മദ് മുഹസിൻ

ശ്രീ. കെ. കെ. വത്സരാജ്

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. അനൂപ് ജേക്കബ്

(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

**(എ)** 2026 ഓഗസ്റ്റ് 1 മുതൽ 26 വരെയുള്ള തീയതികളിൽ സപ്ലൈകോയുടെ വില്പനശാലകളിൽ നിന്നും സബ്സിഡി, നോൺ സബ്സിഡി ഇനങ്ങളിൽ എത്ര രൂപയുടെ വിറ്റു വരവ് ഉണ്ടായെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

**<u>മറുപടി:</u>** 2026 ആഗസ്റ്റ് 1 മുതൽ 26 വരെയുള്ള 26 ദിവസത്തെ സപ്ലൈകോയുടെ വിറ്റുവരവ് വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

| | |
|---|---|
| സബ്സിഡി | -127.57 കോടി രൂപ |
| നോൺ സബ്സിഡി | - <u>234.95 കോടി രൂപ</u> |
| ആകെ | **- 362.52 കോടി രൂപ** |

**(ബി)** 2026 ഓഗസ്റ്റ് 1 മുതൽ 26 വരെയുള്ള തീയതികളിൽ എത്ര കാർഡുടമകൾക്ക് സബ്സിഡിയുടെ പ്രയോജനം ലഭിച്ചുവെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇക്കാലയളവിൽ റേഷൻകടകൾ വഴി മഞ്ഞ, പിങ്ക്, നീല, വെള്ള കാർഡ് ഉടമകളിൽ എത്ര ശതമാനം തങ്ങളുടെ റേഷൻ വിഹിതം കൈപ്പറ്റിയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

**<u>മറുപടി:</u>** 2026 ഓഗസ്റ്റ് 1 മുതൽ 26 വരെയുള്ള 26 ദിവസത്തെ കാലയളവിൽ 41.42 ലക്ഷം ഉപഭോക്താക്കൾ സപ്ലൈകോയുടെ സേവനം പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

2026 ഓഗസ്റ്റ് 1 മുതൽ 31 വരെയുള്ള തീയതികളിൽ പിങ്ക്, നീല, വെള്ള കാർഡ് ഉടമകളിൽ തങ്ങളുടെ റേഷൻ വിഹിതം കൈപ്പറ്റിയവരുടെ കണക്ക് ശതമാനത്തിൽ ചുവടെ ചേർക്കും പ്രകാരമാണ്.

**<u>Distribution Percentage (e-PoS/AePDS-ൽ നിന്നും ലഭ്യമായിട്ടുള്ളത് : 2026 ആഗസ്റ്റ് 1 മുതൽ ആഗസ്റ്റ് 31 വരെ)</u>**

**AAY വിഭാഗം – 98.42**

**PHH വിഭാഗം – 94.06**

**NPNS വിഭാഗം - 68.01**

**NPS വിഭാഗം - 83.12**

**NPI വിഭാഗം - 44.37**

**(സി)** പൊതു വിപണിയിൽ വില പിടിച്ചുനിർത്തുന്നതിന് സപ്ലൈകോ നടത്തിയ തുടർച്ചയായ ഇടപെടലുകളുടെ പ്രയോജനം വലിയ തോതിൽ മുൻ സർക്കാരിന്റെ കാലത്ത് ജനങ്ങൾക്ക് ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**<u>മറുപടി:</u>** നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിന് സർക്കാർ പൊതുമേഖലാ സ്ഥാപനമായ സപ്ലൈകോ എല്ലാകാലത്തും സജീവമായി വിപണിയിൽ ഇടപെട്ടുകൊണ്ട് പൊതു വിപണിവില നിയന്ത്രിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**